**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2975** **21.08.2017 ൽ മറുപടിയ്ക്ക്**

**"കാർഷിക വിപണി സജീവമാക്കുന്നതിനുള്ള നടപടികൾ "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) ദേശീയ കാർഷിക വിപണി സജീവമാക്കുന്നതിന്റെ ഭാഗമായി അഗ്രോ-ടെക് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് വിപണനകേന്ദ്രങ്ങൾ ഓൺലൈൻ ആക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പദ്ധതികളിൽ സംസ്ഥാനത്തിന്റേതായ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉല്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുന്നതിനായി കർണ്ണാടക സർക്കാർ ആരംഭിച്ച ഇല്ക്ട്രോണിക് മാർക്കറ്റ് സംവിധാനങ്ങൾ പോലുള്ളവ സംസ്ഥാനത്തും ഇടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കർഷകരുടെ ഉൽപന്നങ്ങൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിലെ ഉൽപന്നങ്ങൾ എന്നിവ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വിൽപനയ്ക്കായി ഒരു പോർട്ടൽ എസ്.എഫ്.എ.സി യുടെ നിയന്ത്രണത്തിൽ നിർമ്മിച്ചുവരുന്നു. ഇവയിൽ കൂടി കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ വിൽക്കുവാനും ആവശ്യമുള്ള കാർഷിക സാമഗ്രികൾ വാങ്ങുവാനും സാധിക്കും |
| (സി) കേന്ദ്ര സർക്കാരിന്റെ ഇ- നാം (e-NAM) പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) കൃഷിവകുപ്പിനു കീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളെ e-NAM പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് പ്രാരംഭറിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മരട്, മൂവാറ്റുപുഴ, കോഴിക്കോട് ജില്ലയിലെ വേങ്ങേരി, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്. പദ്ധതിയുടെ DPR തയ്യാറായിട്ടുണ്ട്. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി മണ്ണിന്റെ സൂക്ഷ്മ ഘടനയിലെ വിശദാംശങ്ങൾ മുതൽ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ ശാസ്ത്രീയ വിവരങ്ങളും വിരൽ തുമ്പിൽ ലഭ്യമാക്കുന്ന സമഗ്രമായ ഒരു പോർട്ടൽ ആരംഭിക്കുന്നതാണ്. |

Deepthi

**സെക്ഷൻ ഓഫീസർ**